

**കേരളത്തിലെ അമേചർ നാടകവേദി**

ഇടശ്ശേരി

1

# കേരളത്തിലെ അമേചർ നാടകവേദി

ഇടശ്ശേരി

കാഞ്ഞങ്ങാടുമുതൽ തിരുവനന്തപുരം വരെ കേരളത്തിൽ അങ്ങിങ്ങായി പ്രവർത്തിച്ചുവരുന്ന ഒമ്പതു കലാസ്ഥാപനങ്ങൾ കേരള സംഗീതനാടക അക്കാദമി സംഘടിപ്പിച്ച നാടകമത്സരപരീക്ഷയിൽ പങ്കെടുത്ത് ഏപ്രിൽ 9-ാം തിയ്യതി മുതൽ പന്ത്രണ്ടാം തിയ്യതി കൂടി ഒമ്പതു പുതിയ നാടകങ്ങൾ അരങ്ങേറുകയുണ്ടായി. രംഗം തൃശൂർ മോഡൽ റീജനൽ തിയേറ്റർ.

അമേചർ നാടകസംഘങ്ങളാണ് പങ്കെടുത്തവ. വിവിധാഭിപ്രായക്കാരും വിഭിന്ന രുചിക്കാരും കലാരാധനത്തിൽ മത്സരികളുമായ ഈ സംഘടനകളിലെ അംഗങ്ങൾ, സുദീർഘമായ ഈ പരിപാടികൾ നടത്തിയത് ഏകശാസനനായ ഒരു മഹാവ്യക്തിയാണെന്ന് തോന്നുമാറ്, തികച്ചും അച്ചടക്കത്തോടെയും അനുരഞ്ജനമനോഭാവത്തോടെയും പെരുമാറി. അതേവിധംതന്നെ ക്ഷണിക്കപ്പെട്ട സദസ്സ് സ്ഥലപരിമിതിയാൽ വന്ന അസൗകര്യങ്ങളെ മാത്രമല്ല, ഒടുവിലത്തെ ദിവസം ഇലക്ട്രിസിറ്റി ജീവനക്കാരുടെ മിന്നൽപണിമുടക്കിന്റെ ഫലമായി സംഭവിച്ച ദീർഘതമോബാധയെപ്പോലും ക്ഷമാപൂർവം തരണം ചെയ്ത് പ്രദർശിപ്പിക്കപ്പെട്ട കലാവിഭവങ്ങളെ അന്തസ്സിൽ സ്വാദറിഞ്ഞ് അനുഭവിക്കുകയുണ്ടായി. ജനകീയരംഗങ്ങളിൽ ഉടനീളം കൂടിക്കൂടിവരുന്ന സംസ്കാരശൂന്യതയുടെ വികൃത ചിത്രങ്ങൾ കണ്ടു വ്രണപ്പെടുന്ന ഹൃദയങ്ങൾക്ക് ഇതൊരു ആശാവഹമായ സംഭവവികാസമായി അനുഭവപ്പെട്ടു. നമ്മുടെ കലാവേദികൾക്കും തൃശൂർ നിവാസികൾക്കും സംഗീതനാടക അക്കാദമി ഭാരവാഹികൾക്കും ഇക്കാര്യത്തിൽ തികച്ചും അഭിമാനിക്കാമെന്നു പറയട്ടെ.

എല്ലാ നാടകങ്ങളും അനുകാല ജനജീവിതത്തെ പരാമർശിക്കുന്നവയായിരുന്നു. പൗരാണികമോ ചരിത്രപരമോ അമാനുഷികമോ ആയ യാതൊന്നും ഉണ്ടായിരുന്നില്ല. കലാലോകത്തിന്റേതായ സത്യസന്ധത എന്നൊന്നുണ്ട്. ഇതിന്റെ അളവുകോൽ ബാഹ്യപ്രപഞ്ചത്തിന്റെതായ യുക്തിവിചാരം തന്നെ. ഈ സത്യസന്ധത പാലിച്ചില്ലെങ്കിൽ കാവ്യത്തിൽ രസഭംഗം നേരിടും. ദൃശ്യകാവ്യങ്ങളിൽ ഈ രസഭംഗം കൂടുതൽ അസഹ്യമാണ്. യഥാർഥ പ്രസ്ഥാനക്കാരന്റെ വിശ്വാസപ്രമാണമാണിത്. ക്ലാസിസത്തെ ബഹുദൂരം പിന്നിലാക്കിയ നമ്മുടെ നവോത്ഥാനകാലത്തെ നാടകകൃത്തുക്കൾക്ക് ഇതറിയാം. എന്നിട്ടും അവിടെ പ്രദർശിപ്പിക്കപ്പെട്ട പല നാടകങ്ങളിലും പ്രകടമായ പല സംഭവവികാസങ്ങളും വിശ്വസിക്കാൻ പ്രയാസമായിത്തോന്നി; ചിലേടത്ത് തന്മൂലം രസാസ്വാദത്തിന്നു ഹാനിയും നേരിട്ടു.

''കോമൺസ് ഡ്രമാറ്റിക് ക്ലബ്, കാഞ്ഞിരപ്പള്ളി' അവതരിപ്പിച്ചതും അഗസ്റ്റിൻ വഞ്ചിമല എഴുതിയതുമായ 'സത്യം മരിക്കുന്നു' എന്ന നാടകത്തിൽ സംഭവിച്ചത് ഇതാണ്. ഒരു ഹൗസ് സർജൻ (യേശുദാസ്) മരുന്നുകളിൽ ഗവേഷണം നടത്തി മനോരോഗത്തിന്ന് സദ്യഃഫലമായ ഒരു ദിവ്യൗഷധം കണ്ടുപിടിച്ചു എന്നത് നമ്മുടെ നാട്ടിലെ ആസ്പ്രതികളിലെ ഗവേഷണ സൗകര്യങ്ങളെയും ഒരു ഹൗസ് സർജന്റെ ഔദ്യോഗികജീവിതത്തിന്റെ പരിമിതികളെയുംകുറിച്ച് തെല്ലൊരു ബോധമുള്ള സഹൃദയന് ബോധ്യപ്പെടാൻ വിഷമമുണ്ട്. ഈ മരുന്നു കണ്ടുപിടിക്കലാണ് ആ നാടകത്തിലെ കഥാഗതിയെ മുഴുവനും നിയന്ത്രിക്കുന്നത് എന്നു വരുമ്പോൾ നാടകകർത്താവ് വിരൽചൂണ്ടുന്നിടത്തു പ്രേക്ഷകൻ വികാരവിവശനാവാൻ കൂട്ടാക്കാതിരുന്നതിൽ തെറ്റില്ല. ഇതൊരുദാഹരണം മാത്രം.

അവതരണത്തിലും അഭിനയത്തിലും മികച്ചുനിന്ന ഒരു നാടകമായിരുന്നു അവരുടേത്. കോമൺസ് ഡ്രമാറ്റിക്സ് ക്ലബ് എല്ലാ അഭിനന്ദനങ്ങളും അർഹിക്കുന്നു. രംഗസജ്ജീകരണം, ശബ്ദം, വെളിച്ചം, ചലനം ഇവയെക്കുറിച്ച് അവർ തികച്ചും ബോധവാന്മാരായിരുന്നു. യേശുദാസൻ, ലീല, ബീന ഇവരുടെ ഭാഗം അഭിനയിച്ച ഡി. ഫിലിപ്പ്, കൂത്താട്ടുകുളം ലീല, പൊൻകുന്നം ലീല ഇവരുടെ അഭിനയപാടവം അമേചർ നടന്മാരിൽ പ്രതീക്ഷിക്കാൻ വയ്യ.

ട്രിച്ചൂർ ഓർക്കെസ്ട്രാ, തൃശൂർ അവതരിപ്പിച്ച സി.പി. ആന്റണിയുടെ 'ചാവുകടൽ' എക്കാലത്തും ഓർമയിൽ തങ്ങിനിൽക്കുന്ന ഒരു കലാശില്പമായിരുന്നു. 'കാളിഅമ്മായി' നടത്തുന്ന കള്ളുകടയുടെ ഒരു ദിവസത്തെ ചരിത്രമാണ് പ്രമേയം. യവനിക തുറക്കുന്നതോടെ ദൃശ്യമാകുന്ന കള്ളുഭരണികൾ അപ്പാടെ പൊങ്ങി പ്രേക്ഷകന് ശിരോഭിഷേകം നടത്തുന്ന പ്രതീതി ജനിപ്പിച്ചുകൊണ്ട് കാളിഅമ്മായിയും (പി.ഡി. ഫിലോമിന) ചെകുത്താനും (ബാലൻ, പാതിരശ്ശേരി) പരസ്പരം കുലുക്കുഴിഞ്ഞു തുപ്പുന്ന തെറിക്കഷായം എല്ലാ നാടകമര്യാദകളെയും തൃണവൽഗണിച്ചുകൊണ്ടുള്ളതായിരുന്നു. സന്നിഹിതരായ 'ലഹരി'ക്കാരുടെ കുത്തുവാക്കുകൾക്ക് ഒരിമ്മിണി കുറയാതെ 'ഉരുളയ്ക്കുപ്പേരി' കൊടുത്തു. ഷാപ്പിനരികിലൂടെ ഒളിച്ചുംമാറിയും കടന്നുകള





യുന്നതായി സങ്കൽപ്പിക്കപ്പെട്ട കള്ളക്കുറ്റിക്കാരെ വിളിച്ചാക്ഷേപിച്ചും കള്ളിത്തുണി ഇടയ്ക്കിടെ വലിച്ചുകയറ്റിക്കൊണ്ടും കാളിഅമ്മായി അഭിനയിക്കുമ്പോൾ 'ഇനി എന്തൊക്കെ കാണേണ്ടിവരുമോ' എന്ന് പിന്നിൽ ഇരുന്ന ശുദ്ധഗതിക്കാരനായ പ്രേക്ഷകൻ ആക്രോശിക്കുന്നതു കേട്ടു. ഇതെവിടെച്ചെന്നെത്തുമെന്നു വാസ്തവത്തിൽ ഒരമ്പരപ്പ് പലർക്കുമുണ്ടായി. പക്ഷേ, ചെന്നെത്തിയത് സമുന്നതമായ ഒരു മണ്ഡലത്തിലാണ്. കാളിഅമ്മായി മകനെ ഡോക്ടർ ഭാഗം പഠിപ്പിക്കുന്നുണ്ട്. അതു മുഴുവനാക്കണം. ഈ കാര്യസാധ്യത്തിന് കാളിഅമ്മായിക്ക് വിലക്കാൻ പാടില്ലാത്തതായി ഒന്നുമില്ല. വക്കീലിന്റെ മകന് മകൾ രാധയെക്കൊണ്ട് മദ്യമൊഴിപ്പിച്ചുകൊടുക്കുമ്പോഴും (രാധ–മിസ് വിമല) ചെകുത്താന്റെ ഭീഷണിയിൽപ്പോലും കുലുങ്ങാതെ പുണ്യാളൻ അന്തോണിയുടെ (പി.എം. ധർമൻ) കള്ളവാറ്റുചാരായം ചെലവാക്കുമ്പോഴും മേനോന് (കെ. ഭാസ്കരൻ) രാധയിലുദിക്കുന്ന പുതിയ പ്രതിപത്തിയെപ്പറ്റി കേൾക്കുമ്പോൾ 'പണ്ടെന്നോടും അങ്ങനെത്തന്നെയായിരുന്നു' എന്ന അലസമായ മനോഗതത്തോടെ പുതിയ പ്രതിപത്തിയെ പ്രോത്സാഹിപ്പിക്കുമ്പോഴും, കള്ളച്ചാരായക്കേസിൽ പിടിപെട്ടു സ്റ്റേഷനിൽനിന്ന് കച്ചീട്ടുവാങ്ങി പോന്നിട്ട് പോലീസ് റെയ്ഡിൽ അലങ്കോലപ്പെട്ടുകിടക്കുന്ന ഷാപ്പു നോക്കിക്കാണുമ്പോഴും ആ അമ്മയുടെ മനസ്സ് ഡോക്ടറാവാൻ പോകുന്ന മകന്റെ മുഖം മാത്രം നോക്കി നിൽക്കുകയാണ്. എന്തിന്? അവൻ ഡോക്ടറായി വന്നാൽ ഞാൻ ഈ വഴിക്കു പോകുമ്പോൾ ആളുകൾ പറയുക, 'കള്ളുഷാപ്പുകാരി കാളി പോകുന്നു' എന്നല്ല, 'ഡോക്ടറുടെ അമ്മ അതാ പോകുന്നു' എന്നാണ്. ഈ മനോഭാവം അനാവൃതമാകുന്നതോടുകൂടി ആ മനുഷ്യാത്മാവിന്റെ പ്രയാണത്തിൽ താങ്ങേണ്ടിവന്ന ചളിക്കുണ്ടുകളോരോന്നും ഓരോ തപോവാടം പോലെ പരിശുദ്ധി വഹിച്ചവയായി മാറുന്നു. അനുഗൃഹീതയായ ആ നടിയുടെ മുഖം സർവം സഹിക്കുന്ന മാതൃഭാവത്തിന്റേതായ രസസ്ഫൂർത്തികൊണ്ട് സഹൃദയ ഹൃദയങ്ങളെ തരളതരമാക്കുകയും അവരുടെ കണ്ണുകളെ നനപ്പിക്കുകയും ചെയ്യുന്നു.

കാളിഅമ്മയുടെ കുറ്റിക്കാരായ തിമോത്തി, തൊമ്മൻ ഇവരുടെ ഭാഗം അഭിനയിച്ച എൻ.എൻ. വിഷ്ണു, പി.ടി. പാപ്പച്ചൻ ഇവരും അഭിനന്ദനമർഹിക്കുന്നു. കുമാരി സതി (സരസുവിന്റെ ഭാഗമഭിനയിച്ച പെൺകുട്ടി) തനിക്കു കിട്ടിയ ഏതാനും നിമിഷങ്ങൾകൊണ്ട് നാടകവേദിയിൽ ഒരു നല്ല ഭാവി അവകാശപ്പെടുന്നുണ്ട്.

പ്രാക്കുളം ഫ്രൻസ് ക്ലബ് അവതരിപ്പിച്ച 'അഗ്നികുണ്ഡം' (നാടകകർത്താ കെ.എസ്. പള്ളിപ്പാട്) നടന്മാരുടെ പരിശീലനക്കുറവുകൊണ്ടും കഥയുടെ കൃത്രിമത്വംകൊണ്ടും ഒരു പരാജയമാണെന്നു തോന്നി. ഇവിടെ കൃതിമത്വം നാടകരൂപത്തിൽ സ്വീകരിച്ച പരിണാമഗുപ്തിയായിരുന്നു. ഏതാണ്ട് നാടകാവസാനംവരെ ജ്യോതിയുടെ കുട്ടി ഗ്രേസി പെറ്റതാണെന്ന കഥ പ്രേക്ഷകരെ അറിയിക്കാതെ കഴിക്കാനാണ് നാടകകർത്താവ് കഠിനശ്രമം ചെയ്യുന്നത്! ഫലം ധർമധീരയായ ജ്യോതിയുടെ (ഗീത) അഭിനയപാടവം വ്യസനകരമാംവിധം ഫലിക്കാതെ പോയി. നാടകം ശ്രദ്ധിച്ചു കണ്ടിട്ടും ഫാദർ സെബാസ്റ്റ്യൻ ഫർണാണ്ടസ്സിനെക്കുറിച്ച് ഒരപവാദം കേട്ട രസമേ അനുഭവപ്പെട്ടുള്ളൂ.

മറിച്ച് നാഷനൽ തിയേറ്റേർസ് 'ഒല്ലൂക്കര' അവതരിപ്പിച്ച 'ധർമക്ഷേത്രേ കുരുക്ഷേത്രേ' എന്ന നാടകം (നാടകകർത്താവ് - സിൽവ) പ്രമേയം ക്ഷീണിതമായിട്ടും അവതരണസാമർഥ്യംകൊണ്ടും നടന്മാരുടെ പരിശീലനത്തികവുകൊണ്ടും വിജയംവരിച്ചു. കഥ, അത്ര പന്തിയായില്ല. ഒരു സിനിമാനടിയുടെ ജീവിതത്തിൽ പ്രശസ്തമായ വിജയംവരിച്ച വത്സലയ്ക്ക് (റോസി ലിൻസിൽവ) സ്വന്തം മക്കളുടെ അച്ഛനാരാണെന്ന് പറയാൻ സാധിക്കാതെ വന്നു. ഈ ഗതികേടിന്റെ ഗൗരവം ബോധ്യപ്പെടുമാറ് വേണ്ടത്ര സാമൂഹ്യപശ്ചാത്തലമില്ലാതായെന്നാണ് തോന്നിയത്. മറ്റൊന്ന്, ആ അമ്മയ്ക്ക് യുദ്ധത്തിന് എതിരായ മനോഭാവമുണ്ടാവാൻ വിശേഷിച്ചൊരു കാരണവും കണ്ടില്ല. അതുകൊണ്ട സ്വഹിതത്തിനെതിരായി പട്ടാളജീവിതം വരിച്ച മകനിലൂടെ വികസിപ്പിച്ചെടുക്കേണ്ട സംഘട്ടനത്തിന്റെ കാര്യത്തിലും ചൂടില്ലാതായി. ആനിയുടെ കഥയും വിശ്വാസ്യമായിത്തോന്നിയില്ല. വത്സലയുടെ അനിയന്ത്രിതമെന്നു തോന്നിക്കുമാറ് സ്വാഭാവികവും അന്തസ്സുറ്റതുമായ ചലനങ്ങളും ഭാവസ്ഫുരണങ്ങളും പ്രശംസാർഹങ്ങളാണ്.

രാഷ്ട്രീയഭ്രാന്തനായ മാനേജർ രാജപ്പൻ, സേവനഭ്രാന്തനായ മകൻ ജാക്കി, നിത്യദുഃഖിതനായ കണ്ണൻ ഈ കഥാപാത്രങ്ങളുടെ ഭാഗം അഭിനയിച്ച എ. വേണു, എം. അരവിന്ദൻ, പി.കെ. ഗംഗാധരൻ ഈ നടന്മാർ അഭിനന്ദനാർഹമാംവിധം പെരുമാറി. അവരുടെ സൃഷ്ടിയിൽ നാടക കർത്താവിന് വിജയം അവകാശപ്പെടാം. എൻ.പി. രാജൻ എഴുതിയ 'അപസ്വരം' എന്ന നാടകം കണ്ണൂർ ബ്രദേർസ് ക്ലബ്ബ്, കണ്ണൂർ അവതരിപ്പിച്ചു. കഥയിലും അഭിനയത്തിലും അവതരണത്തിലും ഒരു സാമാന്യനിലവാരം പുലർത്തുന്ന നാടകമായിരുന്നു അത്. സംഭവങ്ങളുടെ വിശ്വാസ്യതാരാ





ഹിത്യം നാടകത്തെ എത്രമാത്രം തരംതാഴ്ത്തുന്നു എന്ന് ഈ നാടകം ഒരിക്കൽകൂടി സ്പഷ്ടമാക്കി. നായികയ്ക്ക് ഒരു സവിശേഷസന്ദർഭത്തിൽ അന്ധത ബാധിക്കയും ഏകപ്രത്യൗഷധം വൈവാഹികജീവിതമാണെന്നു വരികയും നായകൻ പ്രേമനൈരാശ്യബാധിതനെങ്കിലും സ്വകലാവിദ്യയിൽ വിജയസോപാനത്തിൽ അധിരോഹിതനായിക്കൊണ്ടിരിക്കേ വിശേഷിച്ചൊരു പ്രേരണയും കൂടാതെ പാട്ടുപാടിപ്പാടി മരിക്കുകയും ചെയ്യുമ്പോൾ പ്രേക്ഷകൻ, താനും അജയ്യനായ വിധിയുടെ ആജ്ഞാവർത്തിയല്ലോ എന്നു സമാധാനിച്ച ഈ നാടകം കണ്ടിരിക്കേണ്ടി വരും.

ഉദ്ഘാടനദിനത്തിൽ അവതരിപ്പിച്ച നാടകം എൻ. ഇന്ദു, എം.എ. എഴുതിയതും തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. സിറ്റി ആർട്സ്ക്ലബ്ബ് അവതരിപ്പിച്ചതുമായ പുനർജന്മം ആയിരുന്നു. ശാസ്ത്രീയവളങ്ങളുടെയും കീടനാശിനികളുടെയും കുടുംബാസൂത്രണ പരിപാടിയുടെയും ഒരു പരസ്യപ്പലക എന്നതിൽക്കവിഞ്ഞ് ആ നാടകം മറ്റൊന്നുമായിരുന്നില്ല. ആവണമെന്ന് ഉദ്ദേശിക്കപ്പെട്ടിട്ടില്ലെന്നും തോന്നി. മിശ്രവിവാഹം നിർമിച്ച ഒരു കുടുംബം, രാജ്യസേവനവ്യഗ്രതയും ഭർതൃഭക്തിയും പൊരുത്തപ്പെടാതെ വിഷമിക്കുന്ന ഭാര്യ. ഇങ്ങനെ രണ്ടു കഥാബീജങ്ങൾ ഇതിലുണ്ടായിട്ടും അവയെ വികസിപ്പിച്ചെടുക്കാൻ നാടകകർത്താവ് ശ്രദ്ധിച്ചിട്ടേയില്ല. അദ്ദേഹത്തിന് സത്യവാനായ ഒരു ബ്ലോക്ക്ഡവലപ്പ്മെന്റ് ഓഫീസറുടെ വിജയ കഥാകഥനത്തിലാണ് വ്യഗ്രത. ഈ നാടകത്തിന്റെ അവതരണം നന്നായിരുന്നു. പാറുഅച്ചി (രാജമ്മ) പാച്ചൻപിള്ള (കെ.സി. വർഗീസ്) കോശി വൈദ്യർ (പി. ബാലകൃഷ്ണൻനായർ) ഇവരുടെ അഭിനയം ശ്ലാഘാർഹമാണ്.

'പുത്രകാമേഷ്ടി' എന്ന നാടകം രണ്ടു കലാസംഘടനകളുടെ അനുഗ്രഹങ്ങൾക്ക് പാത്രമായി. കാഞ്ഞങ്ങാട് പ്രോഗ്രസീസ് ആർട്ട് ബ്യൂറോവിന്റെയും മണ്ണുത്തി ചിത്രാ തിയേറ്റേഴ്സിന്റെയും നാടകം കണ്ടപ്പോൾ അഭിനന്ദനാർഹമായി ഒന്നും തോന്നിയില്ല. ഞെട്ടിപ്പിക്കുന്ന ഒരു രംഗംകൊണ്ടാണ് തുടക്കം. തുടർന്നു കാണുന്നത് ഫ്ളാഷ്ബാക്കുകളാണ്. നോവലിൽനിന്നു പോലും തന്റേടമുള്ള എഴുത്തുകാർ പുറത്താക്കിക്കഴിഞ്ഞ ഈ സങ്കേതത്തെ, സംഭവങ്ങളുടെ ആനുപൂർവികത തട്ടിമറിഞ്ഞുപോയാൽ ആകെ പാപ്പരാവുന്ന നാടക കർത്താവ് ആരാധിക്കുന്നതെങ്ങനെയെന്ന് മനസ്സിലാവുന്നില്ല. പാർവതീസ്വയംവരച്ചടങ്ങിൽ ആദ്യമായി ഗണപതിപൂജ നടത്തുക എന്നതിലെ രസികത്വം ആദ്യരംഗത്തിൽ മൃതയായി മുഖംകരിച്ചു കടലിൽ തള്ളപ്പെടുന്ന പെൺകിടാവ് പിന്നീടൊരു രംഗത്തിൽ നമ്മുടെ മുമ്പിൽവന്ന് നൃത്തംവെക്കുമ്പോഴാണ് പൂർണമായി ബോധ്യപ്പെടുന്നത്. കാഞ്ഞങ്ങാട്ടുകാരുടെ നാടകത്തിൽ കേശവൻനായരുടെ ഭാഗം അഭിനയിച്ച ബി. ഗംഗാധരൻനായരും സരസ്വതീനായരായി അഭിനയിച്ച ഇ. ശോഭനയും വേഷഭാവങ്ങളുടെ തന്മയത്വംകൊണ്ട് ഓർമയിൽ മികച്ചുനിൽക്കുന്നു. രണ്ടു സംഘടനകളുടെയും രംഗസജ്ജീകരണവും അഭിനയവും നന്നായിരുന്നു. എടുത്തുപറയേണ്ട ഒരു വിശേഷം കൂടിയുണ്ട്. കാഞ്ഞങ്ങാട്ടു സംഘത്തിന്റെ നാടകത്തിൽ പടുവൃദ്ധനായ ഒരു 'തറവാട്ടിൽ കാരണവർ' വാലിയക്കാരനു മുമ്പിൽ കഥകളി കളിക്കുന്നതിനെ മണ്ണുത്തിക്കാർ നിരോധിച്ചിരിക്കുന്നു. അതവരുടെ ഔചിത്യബോധത്തെക്കുറിക്കുന്നു.

രണ്ടാംദിവസം ആദ്യമായരങ്ങേറിയ 'ബുദ്ധി' എന്ന നാടകം നാടകരംഗത്തിൽ വിജയകരമായ ഒരു പരീക്ഷണമായി അനുഭവപ്പെട്ടു. നാടകകർത്താവ് വാസുപ്രദീപ് – അവതരിപ്പിച്ചത് കോഴിക്കോട് പ്രദീപ് ആർട്സ്. ഏതാണ്ട് രണ്ടുമണിക്കൂർ നീണ്ടുനിന്ന ഈ നാടകത്തിൽ ഒട്ടാകെ അഞ്ചു കഥാപാത്രങ്ങളാണുള്ളത്. ഒരു വിശേഷത, എല്ലാവരും മൂകരാണ്. രണ്ടു കത്തുകളുടെ ഭാഗങ്ങൾ കഥാപാത്രങ്ങൾ നോക്കി വായിക്കുമ്പോൾ അവർ ഉൾക്കൊള്ളുന്നതിനെ മൈക്കിലൂടെ പകർന്നുതരുന്നതും, രോഗിയായ അച്ഛൻ നീണ്ടുനീണ്ടു ചുമയ്ക്കുന്നതും പശ്ചാത്തലസംഗീതധ്വനിയുമൊഴിച്ചാൽ എല്ലാം നിശ്ശബ്ദം. ഈ മൂലോകത്തിൽ വെച്ചു പിന്നെപ്പിന്നെ മുറുകിവരുന്ന വികാരങ്ങളെ മൂർധന്യത്തിലെത്തിച്ചുകൊണ്ട് ഒരു സാധാരണ മനുഷ്യകഥ ആവിഷ്കൃതമായിരിക്കുന്നു. വിമലയുടെ ഭാഗം അഭിനയിച്ച വിലാസിനിക്ക് ഏതാണ്ട് നാൽപ്പതുമിനുട്ടു നേരം ഒറ്റയ്ക്ക് പ്രേക്ഷകരെ അടക്കിയിരുത്താൻ കഴിഞ്ഞത് ഒരു സിദ്ധിതന്നെയായിരുന്നു. മുഹമ്മദ് (ബാലചന്ദ്രൻ) അച്ഛൻ (നാരായണൻ നായർ) ജ്യേഷ്ഠൻ (വാസുപ്രദീപ്) ബാപ്പ (ആർ.കെ. നമ്പ്യാർ) ഇവരെല്ലാം രംഗത്തിൽ അഭിനന്ദനീയമാം വണ്ണം പെരുമാറി.

നിശ്ശബ്ദമായേ നിവൃത്തിയുള്ളൂ എന്ന നിലയ്ക്ക് ഒരു കഥയും കഥ നടക്കുന്ന സ്ഥലവും സങ്കൽപ്പിക്കാൻ സാധിച്ചതാണ് നാടകകർത്താവിന്റെ വിജയമെന്നു തോന്നി. പക്ഷേ, കാമുകനെ കട്ടിലിൻ ചുവട്ടിലൊളിപ്പിക്കുക എന്ന ആ പഴയ ടെക്നിക് നാടകത്തിൽനിന്ന് ഒഴിവാക്കേണ്ടതായിരുന്നു. അതിന്റെ പഴക്കംകൊണ്ടല്ല. പകരംവെയ്ക്കാൻ മറ്റൊന്നു പുതുതായി തോന്നുന്നതുകൊണ്ടുമല്ല. ആ സംഭവം അതേവരെ പ്രേക്ഷകരുടെ ഉയർന്നുയർന്നു പോയിരുന്ന ഉത്കണ്ഠാതിരേകത്തെ ഉലച്ചുകളഞ്ഞു. നടന്മാർ എത്ര ശ്രമിച്ചിട്ടും സദസ്യരിൽ ഉളവായ ഹാസ്യബോധം ഇല്ലാ





താക്കാൻ കഴിഞ്ഞില്ല. കാമുകിയുടെ സഹോദരന്റെ സാന്നിധ്യത്തിൽ ഒളിച്ചിരിക്കുന്ന കാമുകന്റെ സംഭ്രമാദിരസാഭിനയങ്ങളെ, കട്ടിലിൻചുവട്ടിലേയ്ക്ക് എത്രതവണ വെളിച്ചും ഫോക്കസ് ചെയ്തിട്ടും പ്രേക്ഷകർക്ക് കാണാൻ കഴിഞ്ഞില്ല എന്നതും ശ്രദ്ധേയമാണ്. നാടകകർത്താവും ഡയറക്ടർമാരും ഈ വിഷയം ശ്രദ്ധിച്ചാൽ നന്ന്.

ഈ നാടകം കേരളത്തിന്റെ മാത്രമല്ല, ഭാരതത്തിന്റെകൂടി അതിർവരമ്പുകളെ ലംഘിക്കാൻ സമർഥമാണ്, പ്രമേയം സാർവജനീനമാകയാലും മീഡിയം ഭാഷയല്ലാത്തതുകൊണ്ടും.

ഈ ഒമ്പത് നാടകങ്ങളും കേരളത്തിന്റെ നവോത്ഥാനകാലത്തെ കലയെക്കുറിച്ചു മതിപ്പുളവാക്കാൻ പര്യാപ്തമായിരുന്നു. നമ്മുടെ നാടകവേദി തളരുകയല്ല; വളരുകതന്നെയാണ്.

കേളി, പു. 6.21, ഏപ്രിൽ 1969, പു. 14–9. 1969 ഏപ്രിൽ രണ്ടാം വാരത്തിൽ സംഗീതനാടക അക്കാദമി തൃശ്ശൂർവെച്ചു നടത്തിയ അഖിലകേരള നാടക മത്സരത്തിൽ പങ്കെടുത്ത നാടകങ്ങളെക്കുറിച്ച് ഒരവലോകനം.